റബ്ബർ തടിയെ അടിസ്ഥാനമാക്കി നടത്തുന്ന വ്യവസായ യൂണിറ്റുകൾ

33 [1172] ശ്രീ. എം. മുരളി:
" വി. ബാലറാം:
" എം. കെ. പോൾസൺ മാസ്റ്റർ:
" ടി. വി. ചന്ദ്രമോഹൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ തടിയെ അടിസ്ഥാനമാക്കി നടത്തുന്ന എത്ര വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ യൂണിറ്റുകളിൽ എത്ര പേർ തൊഴിൽ ചെയ്യുന്നുണ്ട്;

(സി) അന്യസംസ്ഥാനങ്ങളിലേക്ക് റബ്ബർ തടി കൊണ്ടുപോകുന്നതിനുള്ള തടസ്സം നീക്കിയതുമൂലം സംസ്ഥാനത്ത് റബ്ബർതടിയെ അടിസ്ഥാനമാക്കി നടത്തുന്ന വ്യവസായ യൂണിറ്റുകൾക്ക് എന്തെങ്കിലും കോട്ടം തട്ടാനിടയുണ്ടോ;

(ഡി) എങ്കിൽ ഇതിന് എപ്രകാരം പരിഹാരം കാണുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റബ്ബർ തടിയെ അടിസ്ഥാനമാക്കി സംസ്ഥാനത്ത് ഇപ്പോൾ 396 വ്യവസായ യൂണിററുകൾ ഉണ്ട്.

(ബി) 4486 പേർ തൊഴിൽ ചെയ്യുന്നു.

(സി,ഡി) റബ്ബർ കൃഷിക്കാർക്ക് അവർ മുറിച്ചു വിൽക്കുന്ന റബ്ബർ തടിക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി 28-11-2003 തീയതിയിലെ ജി. ഒ. (എംഎസ്.) 61/03/വനം പ്രകാരം, വനം വകുപ്പ് റബ്ബർതടിയെ അവശ്യ സാധനങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. സംസ്ഥാനത്തെ റബ്ബർ തടിയെ അടിസ്ഥാനമാക്കി നടത്തുന്ന വ്യവസായയൂണിറ്റുകളെ ഇത് പ്രതികൂലമായി ബാധിക്കാൻ സാധ്യതയുള്ളതായി വ്യവസായ വാണിജ്യ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വനംവകുപ്പിന്റെ ഉത്തരവ് പുനഃപരിശോധിക്കണമെന്നും റബ്ബർ തടിയെ അവശ്യസാധനങ്ങളുടെ പട്ടികയിൽ നിലനിർത്തണമെന്നും, തടി അധിഷ്ഠിത വ്യവസായികളുടെ സംഘടനകൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ ഇക്കാര്യത്തിൽ ബഹു. കേരളാ ഹൈക്കോടതിയിൽ ഒരു കേസും നിലനിൽക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly